# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4098 03.02.2014 - ൽ മറുപടിക്ക്

**ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി ലിസ്റ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ആരോഗ്യവകുപ്പിൽ ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാരണം വിശദമാക്കുമോ ; | എ) ജെ.പി.എച്ച്.എൻ.മാരുടെ 31.12.2006 വരെയുള്ള സീനിയോറിറ്റി പട്ടിക നിലവിൽ ഉണ്ട്. ഇതിന് ശേഷമുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന നടപടിക്രമങ്ങൾ നടന്നുവരികയാണ്. |
| ബി) അപാകതകൾ ഇല്ലാത്ത ജെ.പി.എച്ച്. എൻ.മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉത്തരവ്/പുറപ്പെടുവിക്കുമോ;വ്യക്തമാക്കാമോ ; | ബി) സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് വകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ജെ.പി.എച്ച്.എൻ II-മാർക്ക് റേഷ്യോ 1:1 പ്രകാരം ജെ.പി.എച്ച്.എൻ-I ആയി പ്രമോഷൻ ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അതിനുള്ള നിർദ്ദേശം കൊടുക്കുമോ; | സി) ജെ.പി.എച്ച്.എൻ. മാരുടെ 1:1 റേഷ്യോ പ്രമോഷൻ സംസ്ഥാനതലത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ജില്ലാതലത്തിൽ ഇക്കാര്യം ക്രമീകരിച്ച് വരികയാണ്. |
| ഡി) ട്രൈബൽ പ്രദേശങ്ങളിൽ ജോലി നോക്കുന്ന ജെ.പി.എച്ച്.എൻ.മാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | ഡി) സർക്കാർ ഉത്തരവ് (എം.എസ്) നം.222/ 2013/ആ.കു.വ തീയതി 10.06.2013 പ്രകാരം അട്ടപ്പാടി പ്രദേശത്ത് ജോലി നോക്കുന്ന ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% സ്പെഷ്യൽ അലവൻസായി നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ